(സി) കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസറുടെ അന്വേഷണത്തിൽ കണ്ടെത്തിയത് പ്രകാരം ടി.വി.പുരം പഞ്ചായത്തിലാണ് ക്യാൻസർ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. ടി പഞ്ചായത്തിൽ നിന്നും ക്യാൻസർ ബാധിതരായ ആൾക്കാരുടെ വിവര ശേഖരണങ്ങൾ നടത്തുകയും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനായി ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ ക്യാൻസർ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി വോളന്റിയർമാർക്കും, ആരോഗ്യ പ്രവർത്തകർക്കും മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പരിശീലനം നൽകിയിട്ടുണ്ട്. വീട്ടു തോറുമുള്ള ആരോഗ്യ സർവ്വേ നടത്തിവരുന്നു. വൈക്കം ബ്ലോക്കിലെ മറ്റു പഞ്ചായത്തുകളിലും സർവ്വേ നടത്തുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. വൈക്കം എം.എൽ.എ.-യുടെ താൽപ്പര്യ പ്രകാരം എല്ലാ പ്രദേശങ്ങളെയും ഉൾപ്പെടുത്തി വിദഗ്ധരെയും ഉന്നത അധികാരികളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഉന്നതതല മീറ്റിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ആശാവർക്കർമാരുടെ ഓണറേറിയം

102 (2653) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശാവർക്കർമാരുടെ ഓണറേറിയം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓണറേറിയം കഴിഞ്ഞ ആറ് മാസക്കാലമായി നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓണറേറിയം പ്രതിമാസം പതിനായിരം രൂപയായി നിശ്ചയിക്കണമെന്ന് ആശാവർക്കേഴ്സ് ഫെഡറേഷൻ ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആശ ഓണറേറിയം 2014-15 മുതൽ പ്രതിമാസം 1000 രൂപയായി ഉയർത്തിയിട്ടുണ്ട്.

(ബി) ആശ ഓണറേറിയം അനുവദിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവ് ആയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സർക്കാരിന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ നിർവ്വാഹമില്ല

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വിഷലിപ്തമായ ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന തടയാൻ നടപടി

103 (2654) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് വിൽപ്പനയ്ക്കായി മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പച്ചക്കറി, മാംസം മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയിൽ അനുവദനീയമായതിനേക്കാൾ കൂടിയ അളവിൽ വിഷവസ്തുക്കളും കീടനാശിനികളും അടങ്ങിയിട്ടുണ്ടെന്നതും ആയത് ഗുരുതരമായ കാൻസർ, കിഡ്നി രോഗങ്ങൾ മുതലായവയ്ക്ക് കാരണമാകുന്നുണ്ടെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നുംകൊണ്ട് വരുന്ന മാരകമായ അളവിൽ വിഷം കലർന്ന ഭക്ഷ്യവസ്തുക്കൾ ചെക്ക് പോസ്റ്റുകളിൽ നിന്ന് തന്നെ മടക്കി അയയ്ക്കുന്നതിനും ആയവയുടെ വിൽപ്പന സംസ്ഥാനത്ത് കർശനമായി തടയുന്നതിനും എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇവയുടെ വിൽപ്പന തടയുന്നതിനായി നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ പച്ചക്കറിയിലും പഴങ്ങളിലുമുള്ള കീടനാശിനിയുടെ അളവ് പരിശോധനയിലൂടെ കണ്ടെത്തുന്നതിന് സംസ്ഥാനത്ത് നിലവിൽ ലഭ്യമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരിശോധനാഫലം ലഭ്യമാകുന്നതിന് കുറഞ്ഞത് അഞ്ച് മുതൽ ഏഴ് വരെ ദിവസമെങ്കിലും കാലതാമസം നേരിടുന്നുണ്ട്. ടി കാലതാമസം ഒഴിവാക്കുന്നതിനുള്ള സാങ്കേതികവിദ്യ നിലവിൽ ലഭ്യമല്ല ആയതുകൊണ്ടുതന്നെ സംസ്ഥാനത്ത് വിറ്റഴിക്കുന്നതും സംസ്ഥാനത്തിനു പുറത്തു നിന്നും ഇറക്കുമതി ചെയ്യുന്നതും അല്ലാത്തതുമായ പച്ചക്കറികളും പഴങ്ങളും ചെക്ക്പോസ്റ്റിലൂടെ കടന്നുവരുമ്പോൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ നേരത്തെ പരാമർശിച്ച അതേയും

LIBRARY ARCHIVES Kerala Legislative Assembly